**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **28.01.2014 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 2879**

# കൊരട്ടി പഞ്ചായത്ത് എൽ.പി. സ്കൂൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) കൊരട്ടി ഗ്രാമ പഞ്ചായത്ത്-മാനേജ്മെന്റിന് കീഴിൽ പ്രവർത്തിക്കുന്ന കൊരട്ടി പഞ്ചായത്ത് എൽ.പി. സ്കൂളിനെ യു.പി. സ്കൂളാക്കി ഉയർത്തുന്നതിനായുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നിരുന്നാലും കൊരട്ടി പഞ്ചായത്ത് എൽ.പി. സ്കൂൾ പി.ടി.എ. പ്രസിഡന്റിന്റെ നിവേദനം റിപ്പോർട്ടിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. |
| (സി) പ്രസ്തുത സ്കൂളിലെ പ്രധാനാദ്ധ്യാപികയെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ചും, ശമ്പള ഹെഡ് ഗവൺമെന്റ് സ്കൂളുകളുടേതിന് സമാനമാക്കുന്നത് സംബന്ധിച്ചുമുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ഡി) ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) & (ഡി) | കൊരട്ടി പഞ്ചായത്ത് എൽ.പി. സ്കൂൾ 02.01.2010 -ലെ സ.ഉ. (എം.എസ്.) നം. 02/2010/പൊ.വി. പ്രകാരം സർക്കാർ സ്കൂളായിട്ടുണ്ട്. ആയതിനാൽ നിർദ്ദിഷ്ട എണ്ണം കുട്ടികൾ ഉണ്ടെങ്കിൽ ഇവിടത്തെ പ്രഥമാദ്ധ്യാപികയെ ക്ലാസ്സ് ചാർജ്ജിൽ നിന്നും ഒഴിവാക്കാൻ തടസ്സമില്ല. പഞ്ചായത്ത് സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരെ പണം പിൻവലിച്ച് വിതരണം ചെയ്യുന്ന അധികാരി (Drawing & Disbursing Officer) മാറ്റുന്നതിനും ശമ്പളം മാറുന്ന ശീർഷകം സർക്കാർ സ്കൂളുകളുടെതിനു തുല്യമാക്കു ന്നതിനുമുള്ള വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ